Lalith Babu

**വിവരാവകാശ കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടപ്പോൾ അപേക്ഷ തീർപ്പാക്കിയ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആ ഓഫീസിൽ ജോലി ചെയ്യുന്നില്ലയെങ്കിൽ മുൻ SPIO യിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിലവിലുള്ള SPIO ക്ക് ബാധ്യതയുണ്ട്**

5. വിവരങ്ങൾ നൽകാൻ ബാധ്യത ഉണ്ടായിരുന്ന കാലയളവിലെ എസ്.പി.ഐ.ഒ കൂടിയായ പഞ്ചായത്ത് സെക്രട്ടറി ഗുരുതര പിഴവാണ് കാണിച്ചത് എന്നതിൽ തർക്കമില്ല. സർവീസിൽ നിന്ന് വിരമിച്ചുവെന്ന സാങ്കേതികത്വം ടിയാനെതിരായ നടപടിക്ക് തടസ്സമല്ല. അതുകൊണ്ട് ഇക്കാര്യത്തിൽ അന്നത്തെ എസ്.പി.ഐ.ഒ.യും, സർവീസിൽ നിന്ന് വിരമിച്ച ആളുമായ അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം ആവശ്യമുണ്ടെന്ന് കമ്മീഷൻ കരുതുകയാണ്. ടിയാനെതിരെ നടപടി എടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് ലഭിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ കമ്മീഷന് ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യം ടി വിരമിച്ച പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും, വിശദീകരണമുണ്ടെങ്കിൽ അതു വാങ്ങി കമ്മീഷന് ലഭ്യമാക്കുകയും ചെയ്യേണ്ടത് നിലവിലെ എസ്.പി.ഐ.ഒ ആയ പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവാദിത്വമാണെന്നും കമ്മീഷൻ അറിയിക്കുന്നു. നിശ്ചിത ദിവസത്തിനുള്ളിൽ മറുപടി ലഭിക്കുന്നില്ലെങ്കിൽ, ടി കക്ഷിക്ക് വിശദീകരണം ഒന്നും നൽകാനില്ല എന്നതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ തുടർ നടപടികൾ സ്വീകരിക്കും എന്ന് അറിയിച്ചുകൊണ്ട് അപ്പീൽ ഹർജി ഇന്നേ ദിവസം 04.09.18ന് ഉത്തരവാകുന്നു.

(ഒപ്പ്)
കെ.വി.സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ